# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1943 07.03.2017 ൽ മറുപടിയ്ക്ക്

## കാണാതായ വെടിയുണ്ടകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ അതീവ സുരക്ഷയോടെ സൂക്ഷിച്ചിരുന്ന വെടിയുണ്ടകളിൽ 7200 എണ്ണം കാണാനില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏത് തരം റൈഫിളിൽ ഉപയോഗിക്കുന്നതാണ് കാണാതായ വെടിയുണ്ടകൾ; എവിടെ നിന്നാണ് ഈ വെടിയുണ്ടകൾ പോലീസ് ചീഫ് സ്റ്റോറിൽ എത്തുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇക്കാര്യത്തിൽ അന്വേഷണം നടത്തി മാത്രമേ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | ഇത് സംബന്ധമായി എന്തെങ്കിലും അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ എസ്.ഐ.എസ്.എഫ്. കമാണ്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വെടിയുണ്ടകൾക്ക് പുറമെ എന്തെല്ലാം പ്രധാനപ്പെട്ട വസ്തുക്കളാണ് ക്വാട്ടർ മാസ്റ്റർ സ്റ്റോറിൽ സൂക്ഷിക്കുന്നത്; | (ഡി) | വിവിധതരം ആയുധങ്ങൾ ക്രമസമാധാന പരിപാലനവുമായി ബന്ധപ്പെട്ട് പോലീസ് സേനാംഗങ്ങൾ ശരീര സുരക്ഷയ്ക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ, എ.ഡി.ജി.പി. ഇന്റലിജൻസിന്റെ കീഴിലുള്ള എസ്.ബി.സി.ഐ.ഡി. യൂണിറ്റിന്റെ വകയായുള്ള വസ്തുക്കൾ കൂടാതെ ദക്ഷിണ മേഖലയിൽ നിന്നും (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട) പിടിച്ചെടുക്കുന്ന എൻ.ഡി.പി.എസ്. സാധനങ്ങൾ വിവിധ കോടതിയുടെ ഉത്തരവ് പ്രകാരം എസ്.എ.പി. ക്യാമ്പിലെ ഗോഡൗണിൽ സൂക്ഷിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇവയിൽ നിന്ന് എന്തെങ്കിലും വസ്തുക്കൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ; | (ഇ) | പരിശോധിക്കുന്നതാണ്. |
| (എഫ്) | ഭാവിയിൽ ക്വാർട്ടർ മാസ്റ്റർ സ്റ്റോറിന്റെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ? | (എഫ്) | അതീവ സുരക്ഷയിലാണ് എസ്.എ.പി. ബറ്റാലിയൻ ക്വാർട്ടർ മാസ്റ്റർ സ്റ്റോർ പ്രവർത്തിച്ചുവരുന്നത്. അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.